**പതിമൂന്നാം കേരള നിയമസഭ**

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി
# (2014-2016)

**പതിനഞ്ചാമത് റിപ്പോർട്ട്**

(2014 ഡിസംബർ മാസം 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി (1998–2001), ബി.എസ്‌സി. നഴ്സിംഗ് ബിരുദധാരികൾക്ക് തൊഴിലവസരം ലഭിക്കുന്നില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പതിനാറാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി
**(2014-2016)**

**പതിനഞ്ചാമത് റിപ്പോർട്ട്**

(2014 ഡിസംബർ മാസം 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി (1998-2001), ബി.എസ്‌സി. നഴ്സിംഗ് ബിരുദധാരികൾക്ക് തൊഴിലവസരം ലഭിക്കുന്നില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പതിനാറാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

36/2015.

## ഉള്ളടക്കം


| | | | |
|---|---|---|---|
| | | | *പേജ്* |
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| അദ്ധ്യായം I : | റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : | ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 1 |
| അദ്ധ്യായം III : | ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചിട്ടില്ലാത്തവയും അനന്തര നടപടികൾ ആവശ്യമുള്ളവയും | .. | 4 |

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി

(2014–2016)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. വി. പി. സജീന്ദ്രൻ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, കെ. അജിത്

,, ഐ. സി. ബാലകൃഷ്ണൻ

,, കോവൂർ കുഞ്ഞുമോൻ

,, പുരുഷൻ കടലുണ്ടി

,, സി. കെ. സദാശിവൻ

,, എൻ. ഷംസുദ്ദീൻ

,, വി. ശശി

,, വി. എം. ഉമ്മർ മാസ്റ്റർ

,, കെ. വി. വിജയദാസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

,, ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

,, സി. അജിത്, അണ്ടർ സെക്രട്ടറി.

## മുഖവുര

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2014 ഡിസംബർ മാസം 11-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. പി. സജീന്ദ്രൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി.*

തിരുവനന്തപുരം,
2014 ഡിസംബർ 15.

# റിപ്പോർട്ട്

അദ്ധ്യായം I

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി (1998-2001)-യുടെ പതിനാറാമത് റിപ്പോർട്ട് (ബി.എസ്‌സി. നഴ്സിംഗ് ബിരുദധാരികൾക്ക് തൊഴിലവസരം ലഭിക്കുന്നില്ലെന്ന പരാതി സംബന്ധിച്ച്) 2001 ഫെബ്രുവരി മാസം 22-ാം തീയതി സഭയിൽ സമർപ്പിച്ചു. ബി.എസ്‌സി. നഴ്സിംഗ് ബിരുദധാരികളുടെ ഉന്നമനത്തിന് സഹായകരമായ 12 ശിപാർശകൾ ഉൾക്കൊള്ളുന്നതാണ് പ്രസ്തുത റിപ്പോർട്ട്.

2. സമിതി ശിപാർശകളിന്മേൽ അനന്തരനടപടി സ്വീകരിക്കുന്നതിനായി റിപ്പോർട്ടിന്റെ കോപ്പികൾ 4-3-2001-ൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിലേക്ക് അയച്ചുകൊടുത്ത് സമിതിയുടെ ശിപാർശയിന്മേൽ ഗവൺമെന്റ് സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ ആവശ്യപ്പെടുകയുണ്ടായി. അതിൻപ്രകാരം 11 ശിപാർശകൾക്ക് 4-6-2013-ലെ 13912/സി3/2007/ആ.കു.വ. നമ്പർ കത്ത് പ്രകാരം ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ലഭ്യമാക്കിയ മറുപടി 23-10-2013-ലെ സമിതി യോഗം പരിഗണിക്കുകയും അവ പൂർണ്ണമായി അംഗീകരിക്കുകയും ചെയ്തു.

3. സമിതി (1998-2001)-യുടെ പതിനാറാമത് റിപ്പോർട്ടിലെ ശിപാർശകൾ അവയ്ക്ക് സർക്കാരിൽനിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ ഈ റിപ്പോർട്ടിന്റെ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

4. പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 24-ലെ ശിപാർശയിന്മേൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മറുപടി ലഭ്യമാക്കാത്തതിനെ തുടർന്ന്, 25-11-2014-ൽ പ്രസ്തുത ശിപാർശ സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽനിന്ന് തെളിവെടുപ്പ് നടത്തുകയും പ്രസ്തുത ശിപാർശയിന്മേലുള്ള മറുപടി എത്രയുംവേഗം ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ മറുപടി അടിയന്തരമായി ലഭ്യമാക്കാമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിക്ക് ഉറപ്പ് നൽകിയിരുന്നെങ്കിലും സമയബന്ധിതമായി പ്രസ്തുത മറുപടി ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ഖണ്ഡിക 24-ലെ ശിപാർശയിന്മേലുള്ള മറുപടി എത്രയുംവേഗം ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

5. ഇനിയും മറുപടി ലഭ്യമാക്കണമെന്ന് ശിപാർശ സംബന്ധിച്ച വിവരം ഈ റിപ്പോർട്ടിന്റെ അദ്ധ്യായം III ആയി ചേർത്തിരിക്കുന്നു.

അദ്ധ്യായം II

ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച
നടപടികളിൽ സമിതി അംഗീകരിച്ചവ

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ
മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്)

ശിപാർശ 1ഖണ്ഡിക 10

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും ആരോഗ്യ വകുപ്പിലെയും എല്ലാ ജീവനക്കാരെയും സംബന്ധിച്ചുള്ള ചട്ടങ്ങൾ അടിയന്തരമായി പുറപ്പെടുവിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36/2015.

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ മറുപടി

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെയും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെയും എല്ലാ ജീവനക്കാരെ സംബന്ധിച്ചും സ്പെഷ്യൽ റൂൾസ് നിലവിലുണ്ട്.

ശിപാർശ 2 ഖണ്ഡിക 11

ബി.എസ്സി. നഴ്സിംഗ് ബിരുദധാരികൾക്ക് നിശ്ചിത എൻട്രി കേഡർ നിശ്ചയിക്കാത്തത് അവരോട് കാണിക്കുന്ന വിവേചനമാണെന്നും ആയതിനാൽ, ഇവർക്ക് അടിയന്തരമായി എൻട്രി കേഡർ നിശ്ചയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ മറുപടി

നഴ്സിംഗ് മേഖലയിലുള്ള ബി.എസ്സി. നഴ്സിംഗ് ബിരുദധാരികൾക്ക് ആരോഗ്യ വകുപ്പിൽ നഴ്സിംഗ് സ്കൂളുകളിലെ ട്യൂട്ടർ എൻട്രി കേഡറാണ്.

ശിപാർശ 3 ഖണ്ഡിക 14

ബി.എസ്സി. നഴ്സിംഗ് പാസായവർക്കും ജനറൽ നഴ്സിംഗ് പാസായവർക്ക് നൽകുന്നതുപോലെ ആരോഗ്യ വകുപ്പിൽ താൽക്കാലിക നിയമനം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ മറുപടി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള നഴ്സിംഗ് സ്കൂളിൽ നിന്നും പാസായി ഇറങ്ങുന്ന ജനറൽ നഴ്സിംഗ് വിദ്യാർത്ഥികൾക്കും ബി.എസ്സി. നഴ്സിംഗ് പാസായവർക്കും ഒഴിവുള്ള പി.എസ്.സി. തസ്തികകളുടെ പി.എസ്.സി. ലിസ്റ്റിന്റെ അഭാവത്തിൽ നിലവിലെ നിയമങ്ങൾക്ക് അനുസൃതമായി താൽക്കാലിക നിയമനം നടത്താറുണ്ട്.

ശിപാർശ 4 ഖണ്ഡിക 15

നഴ്സിംഗ് അധിക യോഗ്യത നേടിയ ബിരുദധാരികളെ ഈ തസ്തികയിൽ നിന്ന് ഒഴിവാക്കരുതെന്നും ഡിപ്ലോമക്കാരെപ്പോലെ ഇവർക്കും സ്റ്റാഫ് നഴ്സ് തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് ആവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ മറുപടി

സ്റ്റാഫ് നഴ്സ് തസ്തികയിലേക്ക് ബി.എസ്സി. നഴ്സിംഗുകാരെയും പരിഗണിക്കുന്നുണ്ട്.

ശിപാർശ 5 ഖണ്ഡിക 16

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ബി.എസ്സി. നഴ്സിംഗ് ബിരുദധാരികളെ നിയമിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ മറുപടി

ബി.എസ്സി. നഴ്സിംഗ് ബിരുദധാരികളെ മെഡിക്കൽ കോളേജുകളിലും സ്റ്റാഫ് നഴ്സായി നിയമിക്കുന്നുണ്ട്.

ശിപാർശ 6 ഖണ്ഡിക 17

നഴ്സിംഗ് സൂപ്രണ്ട്, നഴ്സിംഗ് ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അഡീഷണൽ ഡയറക്ടർ തുടങ്ങിയ തസ്തികകളിലേക്കുള്ള നിയമനങ്ങളിൽ ഇൻഡ്യൻ നഴ്സിംഗ് കൗൺസിലിന്റെ നിർദ്ദേശം പാലിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ മറുപടി

നഴ്സിംഗ് സൂപ്രണ്ട്, നഴ്സിംഗ് ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അഡീഷണൽ ഡയറക്ടർ തുടങ്ങിയ തസ്തികകൾക്ക് ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടെങ്കിലും കേരളത്തിലെ പ്രത്യേക സാഹചര്യമനുസരിച്ച് സ്റ്റാഫ് നഴ്സിൽനിന്നുള്ള പ്രൊമോഷൻ തസ്തികകൾ ആയിട്ടാണ് നിജപ്പെടുത്തിയിരിക്കുന്നത്. ഇതിൽ മാറ്റം വരുത്തിയാൽ നിലവിലുള്ള പ്രൊമോഷൻ വ്യവസ്ഥകളെ അപ്പാടെ മാറ്റിമറിക്കുന്നതും സർവ്വീസിൽ തുടരുന്ന സീനിയർ ആയിട്ടുള്ളവർക്ക് തുടർപ്രൊമോഷനുകൾക്കുള്ള അവസരം നഷ്ടപ്പെടുന്നതുമാണ്.

ശിപാർശ 7 ഖണ്ഡിക 21

അശാസ്ത്രീയമായ ഈ നിയമനരീതി അവസാനിപ്പിക്കണമെന്നും നഴ്സിംഗ് സ്കൂളുകളിലേക്കുള്ള എല്ലാ നിയമനങ്ങളും ഐ.എൻ.സി. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പി.എസ്.സി. വഴിയാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ മറുപടി

നിശ്ചിത യോഗ്യത ഉണ്ടായാൽ പി.എസ്.സി. വഴിയാണ് നിയമിക്കുന്നത്.

ശിപാർശ 8 ഖണ്ഡിക 22

നഴ്സിംഗ് കോളേജുകളിലെ മുഴുവൻ നിയമനങ്ങളും പി.എസ്.സി. വഴി നടത്തണമെന്നും ഐ.എൻ.സി. നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ മറുപടി

ഐ.എൻ.സി. മാനദണ്ഡം പാലിച്ച് നിയമനം പി.എസ്.സി. വഴിയാണ് നടത്തുന്നത്.

ശിപാർശ 9 ഖണ്ഡിക 23

കമ്മ്യൂണിറ്റി നഴ്സിംഗ് മേഖലയിലും കൗൺസിലിന്റെ നിർദ്ദേശം നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ മറുപടി

കമ്മ്യൂണിറ്റി നഴ്സിംഗ് മേഖലയിൽ പ്രാവീണ്യം നേടിയിട്ടുള്ളവർക്കാണ് പരിഗണന നൽകുന്നത്. 8-10-1998-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 290/08/ആ.കു.വ., സർക്കാർ ഉത്തരവ് (പി) നമ്പർ 291/98/ആ.കു.വ. എന്നീ ഉത്തരവുകളിലൂടെ പുറത്തിറങ്ങിയ സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ കമ്മ്യൂണിറ്റി നഴ്സിംഗ് മേഖലയിലെ നിയമനവും സ്ഥാനക്കയറ്റവും നടത്തുന്നത്.

ശിപാർശ 11 ഖണ്ഡിക 26

ബി.എസ്‌സി. നഴ്‌സിംഗ് പാസ്സായിട്ടുള്ളവർക്ക് നിയമനങ്ങളിൽ മുൻഗണന ലഭിക്കുന്ന തരത്തിൽ തടസ്സങ്ങൾ നീക്കംചെയ്ത് എത്രയുംവേഗം ചട്ടം പുറപ്പെടുവിക്കണ മെന്ന് സമിതി ശക്തിയായി ശിപാർശ ചെയ്യുന്നു.

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ മറുപടി

ജനറൽ നഴ്‌സിംഗ് കഴിഞ്ഞു വരുന്നവർ രോഗിപരിചരണത്തിൽ പ്രാപ്തരും ഓപ്പറേഷൻ തിയേറ്റർ, ഐ.സി.യു. തുടങ്ങിയ മേഖലകളിൽ പ്രത്യേക പരിശീലനം സിദ്ധിച്ചവരുമാണ്. ലോകമെമ്പാടുമുള്ള കേരളത്തിലെ നഴ്സുമാരുടെ സേവനം ഇവിടെ പ്രസക്തമാണ്. ആയതിനാൽ, ബി.എസ്‌സി. നഴ്‌സിംഗ് പാസ്സായവർക്ക് പ്രത്യേക പരിഗണന ആവശ്യമില്ല.

ശിപാർശ 12 ഖണ്ഡിക 28

സ്വകാര്യ മേഖലയിലെ നഴ്‌സിംഗ്, മറ്റ് പാരാമെഡിക്കൽ തുടങ്ങിയ എല്ലാ വിഭാഗങ്ങൾക്കും മിനിമം വേതനം അടിയന്തരമായി നിശ്ചയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ മറുപടി

മിനിമം വേതനം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.

അദ്ധ്യായം III

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചിട്ടില്ലാത്തവയും അനന്തര നടപടികൾ ആവശ്യമുള്ളവയും

ശിപാർശ 10 ഖണ്ഡിക 24

സംസ്ഥാനത്ത് നിരവധി സ്വകാര്യ നഴ്‌സിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ സർക്കാർ അംഗീകരിച്ചതും അംഗീകരിക്കാത്തതുമുണ്ട്. ഐ.എൻ.സി. മാനദണ്ഡങ്ങൾ പലതും പാലിക്കാതെയാണ് ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന തെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, സർക്കാർ അംഗീകൃത സ്വകാര്യ സ്ഥാപനങ്ങളിൽ ഐ.എൻ.സി. മാനദണ്ഡങ്ങൾ പാലിക്കുന്നതിന് നിർദ്ദേശം കൊടുക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**4-3-2001-ൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കിയതിനുശേഷം നടപടി സ്റ്റേറ്റ്മെന്റ് ആവശ്യപ്പെട്ട് പ്രസ്തുത ശിപാർശകളിന്മേൽ നിരവധി കത്തിടപാടുകൾ നടത്തി 13 വർഷം കഴിഞ്ഞിട്ടും ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽനിന്ന് ഇതേവരെ അവ ലഭ്യമായിട്ടില്ല.**

വി. പി. സജീന്ദ്രൻ,

*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി.*

തിരുവനന്തപുരം,
2014 ഡിസംബർ 11.